# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3451 – 15/03/2018 ലെ മറുപടിക്ക്

### സർക്കാരിന്റെ പൊതുകടവും വിരമിക്കൽ പ്രായവും

ചോദ്യം | ഉത്തരം

ശ്രീ.പി.സി. ജോർജ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന് നിലവിൽ എത്ര കോടി രൂപയുടെ കടമുണ്ട്; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 31.01.2018 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത 2,09,286.06 കോടി രൂപയാണ്. |
| ബി | ഇതുപ്രകാരം കേരളത്തിലെ ഓരോ പൗരനും ഏറ്റെടുക്കേണ്ട കടഭാരം എത്ര രൂപയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കണ്ടെത്തി വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | അക്കൗണ്ടന്റ് ജനറലിന്റെ 31.01.2018 വരെയുള്ള താൽക്കാലിക കണക്കുകളെ അടിസ്ഥാനമാക്കി സംസ്ഥാനത്തിന്റെ ആളോഹരി കടബാദ്ധ്യത 60950.59 രൂപയാണ്. |
| സി | സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ബോർഡുകളിലും മറ്റും ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനായി 20.04.2017-ലെ സ.ഉ (കൈ) നം. 21/2017/പി&ഇ.എ പ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങളിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് നിലവിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| ഡി | വരുന്ന ഏപ്രിൽ മാസം മുതൽ ഇവരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ